**<u>ഭരണഭാഷ-മാതൃഭാഷ</u>**


**പുറപ്പുഴ ഗ്രാമ പഞ്ചായത്ത്**

**പിൻ കോഡ്- 685583 ഫോൺ നമ്പർ : 0486-2273049**

**ഇമെയിൽ : purapuzhagramapanchayat@gmail.com**


നമ്പർ: 400575202501161035138911 തീയതി : 13-05-2025

പ്രേഷകൻ

സെക്രട്ടറി
പുറപ്പുഴ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ- 1
തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി

സർ,

വിഷയം: സിറ്റിസൺ അസിസ്റ്റൻറ് - ഉപജില്ലാ അദാലത്ത് സമിതി - 1 - സ്ഥിരം അദാലത്ത് സംവിധാനം മുൻപാകെ ശ്രീ.ഡോണിസ് ബൈജു, തടത്തിൽ വീട്, പുറപ്പുഴ എന്നയാൾ നൽകിയ പരാതി സംബന്ധിച്ച്

സൂചന:
1. ശ്രീ.ഡോണിസ് ബൈജു 16/04/2025 ൽ സിറ്റിസൺ അസിസ്റ്റൻറ് പോർട്ടലിൽ നൽകിയ പരാതി
2. ഉപജില്ലാ അദാലത്ത് സമിതി - 1 ൻറെ 25/04/2025 ലെ യോഗ തീരുമാനം
3. 29/04/2025 ലെ അങ്ങയുടെ ഐ.വി.ഒ.1/54/2025 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെട്ടിട നമ്പർ അനുവദിക്കുന്നില്ലായെന്ന് കാണിച്ച് മേൽ സൂചന 1 പ്രകാരം ശ്രീ.ഡോണിസ് ബൈജു അങ്ങയുടെ ഓഫീസിൽ സമർപ്പിച്ച പരാതിയിൽമേൽ മേൽ സൂചന 3 പ്രകാരം അങ്ങയുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ള വിവരങ്ങൾ ഇന്നേ ദിവസം ഈ ഓഫീസിൽ നിന്നും പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാണ് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

Signature Not Verified
Digitally signed by SHAJA JOSEPH
Date: 2025.05.13 12:17:35 IST
Reason: KSMART

**പുറപ്പുഴ ഗ്രാമ പഞ്ചായത്ത്**

**പിൻ കോഡ്- 685583 ഫോൺ നമ്പർ : 0486-2273049**

**ഇമെയിൽ : purapuzhagramapanchayat@gmail.com**

നമ്പർ: 40057520250116103513891 തീയതി : 13-05-2025

പ്രേഷകൻ

സെക്രട്ടറി
പുറപ്പുഴ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ഡോണിസ് ബൈജു
തടത്തിൽ വീട് പുറപ്പുഴ

സർ,

വിഷയം: സിറ്റിസൺ അസിസ്റ്റൻറ് - ഉപജില്ലാ അദാലത്ത് സമിതി - 1 - സ്ഥിരം അദാലത്ത് സംവിധാനം മുൻപാകെ താങ്കൾ നൽകിയ പരാതി സംബന്ധിച്ച്

സൂചന:
1. ശ്രീ.ഡോണിസ് ബൈജു, തടത്തിൽ വീട്, പുറപ്പുഴ എന്നയാൾ സിറ്റിസൺ അസിസ്റ്റൻറ് പോർട്ടലിൽ നൽകിയ പരാതി
2. ഉപജില്ലാ അദാലത്ത് സമിതി - 1 ൻറെ 25/04/2025 ലെ യോഗ തീരുമാനം
3. 29/04/2025 ലെ ഇൻറേണൽ വിജിലൻസ് ഓഫീസർ- 1, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കിയുടെ ഐ.വി.ഒ.1/54/2025 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെട്ടിട നമ്പർ അനുവദിക്കുന്നില്ലായെന്ന് കാണിച്ച് താങ്കൾ മേൽ സൂചന 1 പ്രകാരം ഇൻറേണൽ വിജിലൻസ് ഓഫീസർ- 1, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കിക്ക് സമർപ്പിച്ച പരാതിയിൽ ഫീൽഡ് പരിശോധന നടത്തിയതിൽ നിന്നും പരാതിക്കാരൻ്റെ ഗെയിറ്റിൻ്റെ ഭാഗത്തെ PWD റോഡിന്റെ ഐറിഷ് ഓടയിൽ വെള്ളം ഒഴുക്ക് തടസപ്പെടുത്തുന്ന രീതിയിൽ പരാതിക്കാരൻ നിക്ഷേപിച്ചിരിക്കുന്ന മണ്ണ് സ്വന്തം ചെലവിൽ നീക്കം ചെയ്ത് വെള്ളം ഒഴുക്ക് സുഗമമാക്കുന്നതിനും പരാതിക്കാരൻ്റെ പുരയിടത്തിലേയ്ക്ക് പ്രവേശിക്കുന്ന വഴി ടിയാന്റെ വസ്തുവിൽ തന്നെ ഒരുക്കുന്നതിന് പരാതിക്കാരനെ ചുമതലപ്പെടുത്തിയും ടി വിവരങ്ങൾ പരാതിക്കാരനെ അറിയിക്കുന്നതിനും മേൽ കാര്യങ്ങൾ പൂർത്തീകരിച്ച് പരാതിക്കാരൻ സെക്രട്ടറിയെ അറിയിക്കുന്ന മുറയ്ക്ക് ടിയാൻ്റെ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും സമിതി തീരുമാനിച്ചിട്ടുള്ള വിവരം ഇൻറേണൽ

വിജിലൻസ് ഓഫീസർ ഈ ഓഫീസിൽ മേൽ സൂചന 3 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സമിതി തീരുമാന പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികൾ താങ്കൾ പൂർത്തീകരിച്ച് ഈ ഓഫീസിൽ അറിയിക്കുന്ന മുറയ്ക്ക് താങ്കളുടെ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതാണെന്നുള്ള വിവരം അറിയിക്കുന്നു.

Signature Not Verified
Digitally signed by SHAJA JOSEPH
Date: 2025.05.13 12:15:24 IST
Reason: KSMART

വിശ്വസ്തതയോടെ

സെക്രട്ടറി